MD NICHE MEDIA CONSULTANTS

**DEEPIKA**

**Kerala Tourism wins advertisement award in Prague**

Date: **30-04-2012** | Edition: **All Kerala** | Page No: **9**| Clip size (cm) - W: **4** H: **11.5**

# കേരള ടൂറിസത്തിന് പ്രേഗ് അവാർഡ്

തിരുവനന്തപുരം: ആഗോള ബ്രാൻഡുകൾ മാറ്റുരച്ച പ്രേഗ് ഇന്റർനാഷനൽ അഡ്വർടൈസിംഗ് ഫെസ്റ്റിവലിന്റെ (പിയാഫ്) സ്റ്റേറ്റ് വിഭാഗത്തിൽ കേരളാ ടൂറിസം വെങ്കല മെഡൽ നേടി. യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗ് എന്ന കേരളാ ടൂറിസം പ്രചരണ പരിപാടിയുടെ അച്ചടി കോപ്പിക്കാണ് പിയാഫ് 2012 ൽ അപൂർവമായ ഈ അംഗീകാരം ലഭിച്ചത്. പിയാഫിൽ മെഡൽ ലഭിച്ചത് അഭൂതപൂർവമായ ബഹുമതിയാണെന്നും ബ്രാൻഡ് മാനേജ്മെന്റിലും കൃത്യമായ വിപണന തന്ത്രത്തിലും കേരള ടൂറിസം നടത്തുന്ന അധ്വാനത്തിനു ലഭിച്ച അംഗീകാരമാണെന്നും ടൂറിസം മന്ത്രി എ.പി.അനിൽകുമാർ പറഞ്ഞു.

സ്റ്റാർക്ക് കമ്യൂണിക്കേഷൻസിന്റെ സാക്ഷാത്കാരത്തിൽ ഫോട്ടോഗ്രാഫർ പ്രബുദ്ധ ദാസ് ഗുപ്തയാണ് യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗിന്റെ അച്ചടി വിഭാഗത്തിലെ പ്രചരണപരിപാടികൾ കാമറയിലാക്കിയത്. മറ്റു വിഭാഗങ്ങളിലെ അവാർഡുകൾ ബഹുരാഷ്ട്ര കമ്പനികളായ ഫോക്സ്‌വാഗൺ, യൂണിലിവർ, ക്രാഫ്റ്റ് ഫുഡ്സ് എന്നിവയ്ക്കാണ്.